മിസ്റ്റർ എ. വി. മൂത്തേടൻ: മൈലിന് ഒന്നര അണ റേറ്റ് കൂടുതലാണ്.

റാവുബഹദൂർ എം. നാരായണമേനോൻ: രൂപപ്രകാരമല്ലാതെ ചെയ്യുവാൻ തരമില്ല.

മിസ്റ്റർ എ. ബി. സേലം: വേറെവല്ല കമ്പനിക്കാരുടേയും അപേക്ഷകൾ കിട്ടീട്ടുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: തൃശ്ശൂർനിന്ന് കടവല്ലൂരേക്കും, തൃശ്ശൂർനിന്ന് തുപ്പയാറേക്കും പോകുന്നതിന് ര അണയാണ് ചാർജ്ജ്. ആ സ്ഥിതിക്ക് കഷ്ടിച്ച് ഏഴ് മയിലിനും ര അണ കൂലി വെച്ചിട്ടുള്ളതു് കഷ്ടമല്ലേ?

റാവുബഹദൂർ എം. നാരായണമേനോൻ: എല്ലാ സ്ഥലത്തും ഒരു കൂലിയല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മറ്റുള്ള കമ്പനിക്കാർ ആവശ്യപ്പെട്ടാൽ കൊടുക്കുമോ?

റാവുബഹദൂർ എം. നാരായണമേനോൻ: ആവശ്യമുണ്ടെങ്കിൽ കൊടുക്കും.

മിസ്റ്റർ സി. വി. ഇയ്യു: എറണാകുളത്തുനിന്ന് തുപ്പുണിത്തുറയിലേക്ക് ഈ അണയാണ് ചാർജ്ജ്.

റാവുബഹദൂർ എം. നാരായണമേനോൻ: ഇല്ല. മൂന്നണയാണ്.

മിസ്റ്റർ എ. വി. മൂത്തേടൻ: എറണാകുളം റെയിൽവെ സ്റ്റേഷനിൽനിന്ന് തുപ്പുണിത്തുറക്ക് ഈ അണയാണ്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: തൃശ്ശൂർനിന്ന് ചിറ്റൂരിലേക്ക് പോകുവാനുള്ള ചാർജ്ജ് എന്താണ്?

റാവുബഹദൂർ എം. നാരായണമേനോൻ: പത്തണ.

Mr. M. K. Devassy *(Adur)*: May I know what exactly is the difficulty for the Government to allow competition?

Rao Bahadur M. Narayana Menon *(Commissioner of Police)*: Unhealthy competition will not be allowed.

Mr. President: If the Commissioner is convinced that the competition is healthy, he will allow it.

Rao Bahadur M. Narayana Menon *(Commissioner of Police)*: So far I have not received any petition.

POLICE INSPECTOR MR. VACCO—REASONS FOR RETIREMENT

235. മിസ്റ്റർ ബി. എം. പിറർ: തഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെൻറിൽ നിന്നും ഉടനെ മറുപടി പറയുമോ.—

(എ) പൊല്ലീസ്സ് ഇൻസ്പെക്ടർ മിസ്റ്റർ വക്കോവിനെ കാലാവധിക്കു മുമ്പ് പെൻഷൻ കൊടുത്തു പിരിച്ചുവിട്ടത് അനാരോഗ്യമൂല

LIBRARY ARCHIVES Kerala Legislative Assembly

മാണെന്നും ഗവൺമെൻറിനും പൂർണ്ണ ബോദ്ധ്യം വന്നിട്ടാണോ;

(ബി) മിസ്റ്റർ വക്കോ ഇപ്പോൾ വക്കീലായി പ്രാക്ടീസ് ചെയ്യുവരുന്ന സംഗതി ബഹുമാനപ്പെട്ട ഗവൺമെണ്ടിന്നു അറിയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ:

(എ) അതെ.

(ബി) അറിയാം.

മിസ്റ്റർ ബി. എം. പീറർ: മിസ്റ്റർ വക്കോവിനെ ജോലിയിൽനിന്നു പിരിച്ചു തിയ്യതി പറയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ: നിശ്ചയമില്ല.

മിസ്റ്റർ ബി. എം. പീറർ: എന്തുകാരണത്താലാണു പിരിച്ചുവിട്ടതെന്നു പറയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ: അദ്ദേഹം ഒരു പോലീസ് ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹത്തിനു ഓടുവാൻ വയ്യ, കവാത്തു നടത്തുവാൻ വയ്യാ, സൈക്കിളിൽ കയറുവാൻ വയ്യാ, ഒന്നിനും വയ്യാ.

മിസ്റ്റർ ബി. എം. പീറർ: അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാർ ഇപ്പോഴും പോലീസു് സർവ്വീസിലുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ഉണ്ടായിരിക്കാം. എന്റെ ദൃഷ്ടിയിൽപെടുകയാണെങ്കിൽ ഞാൻ സമ്മതിക്കുകയില്ല.

മിസ്റ്റർ ബി. എം. പീറർ: ഇദ്ദേഹത്തിന്റെകാര്യംമാത്രം ഇത്രപെട്ടെന്നു ഗവൺമെൻറിന്റെ ദൃഷ്ടിയിൽപെട്ടതു് എങ്ങിനെയാണു്?

റാവുബഹദൂർ എം. നാരായണമേനോൻ: അദ്ദേഹം ഒരു ഇൻസ്പെക്ടരായിരുന്നതുകൊണ്ടു്.

മിസ്റ്റർ ടി. എ. രാമവാര്യർ: വക്കീലുദ്യോഗത്തിനു വേണ്ടുന്ന യോഗ്യം അദ്ദേഹത്തിനുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: ൩൦, ൩൫, ൪൦, ൫൦ വയസ്സുവരെ വക്കീലുദ്യോഗത്തിലിരിക്കുന്നവർ ഇപ്പോഴുമുണ്ടു്.

AGRICULTURISTS' RELIEF ACT—PETITIONS FOR SCALING DEBTS

236. Mr. C. V. Iyyu *(Kunnamkulam):* Will the Government be pleased to state the number of petitions presented before the several Civil Courts in the State during the first 90 days after the 1st Chingam 1115 according to the Cochin Agricultural Debtors' Relief Act for (*i*) scaling down of debts; (*ii*) the total amount scaled down (*iii*) scaling down of arrears of *michavaram*; (*iv*) scaling down of

LIBRARY ARCHIVES Kerala Legislative Assembly